പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നംപർ. 8060

24.07.2012 -ൽ
മറുപടിയ്ക്ക്

## ഖാദിയുടെ പ്രചാരണത്തിനായി നടപടികൾ

ചോദ്യം

ശ്രീ. പി. തിലോത്തമൻ

ഉത്തരം

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
( സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) ഖാദിയുടെ പ്രചാരണത്തിനും കൈത്തറി മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനും ഈ സർക്കാർ വന്നതിനുശേഷം നടപ്പിലാക്കിയ കാര്യങ്ങൾ എന്തെല്ലാമാണെന്നും; എത്ര ചെറുകിട യൂണിറ്റുകൾ അടച്ചുപൂട്ടിയെന്നും വ്യക്തമാക്കാമോ;

(എ) ഖാദിയുടെ പ്രചാരണത്തിനുവേണ്ടി ഖാദി ഗ്രാമ വ്യവസായ എക്സിബിഷനും ഉൽസവകാലങ്ങളിൽ മേളകളും സംഘടിപ്പി ക്കുകയും പ്രത്യേക വിപണന മേളകളിൽ പങ്കെടുക്കുകയും ചെയ്തു വരുന്നു.

കൈത്തറി മേഖലയുടെ പ്രചാരണത്തിനായി ദൃശ്യശ്രാവ്യ പത്രമാധ്യമങ്ങളിലൂടെ പരസ്യം നൽകി വരുന്നു. കൈത്തറി വസ്ത്രങ്ങളെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കുവാൻ വേണ്ടി എല്ലാ കേരളീയരും കൈത്തറി വസ്ത്രങ്ങൾ ഉപയോഗിക്കണമെന്ന സർക്കാർ ഉത്തരവ് ഗ്രാനൈറ്റ് പാനലിൽ കൊത്തി വച്ച് പൊതു സ്ഥലങ്ങളിലും, സർക്കാർ ഓഫീസുകൾക്കു മുന്നിലും സ്ഥാപിച്ചു വരുന്നു. കുത്താമ്പുള്ളി, കാസർഗോഡ്, ബാലരാമപുരം, കണ്ണൂർ, ചേന്ദമംഗലം എന്നീ കൈത്തറി മേഖലകളെപ്പറ്റി ഡോക്യുമെന്ററി നിർമ്മിച്ച് ദൃശ്യ മാധ്യമങ്ങളിലൂടെ പ്രക്ഷേപണം നടത്തി വരുന്നുണ്ട്.

കൈത്തറി മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി അംശദാന മിതവ്യയഫണ്ട് പദ്ധതി, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവ ഈ വർഷവും നടപ്പിലാക്കി വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ആരോഗ്യ

ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി 6,12,113/- രൂപയും അംശദാന മിതവ്യയ പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി 62,99,031/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

കൈത്തറി നെയ്ത്തുകാർക്കുള്ള ഇൻഷ്വറൻസ് പദ്ധതിയായ മഹാത്മാ ഗാന്ധി ബങ്കർ ഭീമാ യോജന പദ്ധതിയാണ് കൈത്തറി മേഖലയിലെ തൊഴിലാളി കൾക്കായി നടപ്പിലാക്കുന്ന മറ്റൊരു ക്ഷേമപദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം ഓരോ നെയ്ത്തുകാരന്റെയും പ്രീമിയം തുകയായ 330 രൂപയിൽ 100 രൂപ എൽ.ഐ.സി-യും 150 രൂപ കേന്ദ്ര സർക്കാരുമാണ് വഹിക്കുന്നത്. നെയ്ത്തുകാരുടെ വിഹിതമായ 80 രൂപ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 2011-12 വർഷത്തിൽ പുതിയതായി 2285 നെയ്ത്തുകാരെ പദ്ധതിയിൽ ചേർത്തിട്ടുണ്ട്. 9954 പേർക്ക് പോളിസി പുതുക്കി നൽകിയിട്ടുണ്ട്. ആകെ 9,79,120 രൂപ പോളിസിയ്ക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്.

പോളിസി ഉടമകളുടെ 9 മുതൽ 12-ാം സ്റ്റാന്റേർഡ് വരെയുള്ള മക്കൾക്ക് ഓരോ വർഷവും 1200 രൂപ വീതം സ്കോളർഷിപ്പും നൽകി വരുന്നു.

പോളിസി ഉടമ മരണപ്പെട്ടാൽ 60,000/- രൂപ, അപകട മരണത്തിന് 1,50,000/- രൂപ, അപകടം മൂലം സ്ഥിരമായ അംഗവൈകല്യം സംഭവിച്ചാൽ 1,50,000/- രൂപ, അപകടം മൂലം ഭാഗീകമായും ശാരീരിക വൈകല്യം സംഭവിച്ചാൽ 75,000/- രൂപ ഈ ക്രമത്തിൽ ആനുകൂല്യം നൽകുന്നതാണ്.

അടച്ചുപൂട്ടിയ ചെറുകിട യൂണിറ്റുകൾ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | കൈത്തറി തൊഴിലാളികളുടെ ക്ഷേമത്തെ ലക്ഷ്യമിട്ട് രൂപീകരിച്ച എത്ര സഹകരണ സംഘങ്ങൾ ആലപ്പുഴ ജില്ലയിലുണ്ട്; ഇവ ഇപ്പോഴും സജീവമായി നിലനിൽക്കുന്നുണ്ടോ; | (ബി) | 24 സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ 6 എണ്ണം പ്രവർത്തന സജീവമാണ്. |

| | | | |
|---|---|---|---|
| (സി) | ചേർത്തല താലൂക്കിൽ നിലവിൽ എത്ര കൈത്തറി തൊഴിലാളികൾ ഉണ്ട്; ഇവരുടെ പ്രതിദിന ശരാശരി വേതനമെത്രയാണ്; ഇവരുടെ തൊഴിൽ സുരക്ഷിതത്വത്തിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം ചെയ്യുമെന്ന് വ്യക്തമാക്കാമോ ? | (സി) | ചേർത്തല താലൂക്കിൽ നിലവിൽ 431 കൈത്തറി തൊഴിലാളികളുണ്ട്. 53 പേർ മാത്രമാണ് ഇപ്പോൾ സജീവം. ഇവരുടെ പ്രതിദിന ശരാശരി വേതനം 50 രൂപയാണ്. പ്രാദേശിക വിപണന സൗകര്യങ്ങൾ വിപുലീകരിച്ചും ഇൻഷ്വറൻസ്, ഇൻകം സപ്പോർട്ട് സ്കീം, പ്രൊഡക്ഷൻ ഇൻസെന്റീവ് തുടങ്ങിയ പദ്ധതികൾ വഴി തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ കഴിയും. |

സെക്ഷൻ ഓഫീസർ